# ഹെഡ് & നെക്ക് കാൻസർ വിഭാഗം

## പുതിയ ചുവടുവെയ്പ്പുമായി ചെങ്ങന്നൂർ ഡോ. കെ. എം. ചെറിയാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്

കാൻസർ എന്ന രോഗത്തിന് എവിടെ ചികിത്സ തേടണം എന്ന കൃത്യമായ തീരുമാനത്തിലെത്താൻ പലർക്കും കഴിയാറില്ല. രോഗാവസ്ഥയ്ക്കനുസരിച്ച് അനുയോജ്യമായ ചികിത്സാരീതികൾ തിരഞ്ഞെടുക്കാനും, അത്യാധുനിക ചികിത്സയോടൊപ്പം പ്രഗത്ഭ ഡോക്ടർമാരുടെ സാന്നിധ്യവും പരിചരണവും കാൻസർ രോഗികൾക്ക് ഉറപ്പാക്കേണ്ടതുണ്ട്.

***എന്തുകൊണ്ട് ചെങ്ങന്നൂർ ഡോ. കെ. എം. സി ഹോസ്പിറ്റൽ മികച്ചതാകുന്നു ?***

കൃത്യമായ രോഗനിർണയം മുതൽ മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, റേഡിയേഷൻ ഓങ്കോളജി, ഹെമറ്റോളജി വിഭാഗങ്ങളുടെ നേതൃത്വത്തിൽ സമഗ്രമായ കാൻസർ ചികിത്സകൾക്കൊപ്പം, ടാർഗെറ്റഡ് തെറാപ്പി, ഇമ്മ്യൂണോതെറാപ്പി, പുനർനിർമ്മാണ ശസ്ത്രക്രിയ തുടങ്ങിയ നൂതന ചികിത്സാരീതികൾ ഏറ്റവും മികവോടെ നൽകാൻ വിദഗ്ധ സംഘം ഇവിടെയുണ്ട്. AIIMS, ടാറ്റ **മെമ്മോറിയൽ ഹോസ്പിറ്റൽ, വെല്ലൂർ തുടങ്ങിയ പ്രമുഖ ആശുപത്രികളിൽ ഉന്നതപഠനം നടത്തുകയും സേവനമനുഷ്ഠിക്കുകയും ചെയ്ത വിദഗ്ധ ഡോക്ടർമാരുടെ സേവനം ഇതിനെ മികവുറ്റതാക്കുന്നു.**

***കാൻസർ ചികിൽസിക്കാൻ അമേരിക്കയിൽ പോകണോ?***

അമേരിക്കയിലെ തോമസ് ജെഫേഴ്സൺ യൂണിവേഴ്സിറ്റി ഓങ്കോളജി ക്ലിനിക്കൽ പ്രൊഫസറായ ലോക പ്രശസ്ത കാൻസർ ചികിത്സാ വിദഗ്ധൻ ഡോ. എം.വി. പിള്ള അഡ്വൈസറി ബോർഡ് ചെയർമാനും, മൂന്ന് പതിറ്റാണ്ട് യു.എസിൽ സേവനമനുഷ്ഠിച്ച ഡോ. സാറാ ഈശോ മെഡിക്കൽ ഡയറക്ടറും കൺസൽറ്റന്റ് ഓങ്കോളജിസ്റ്റുമാണ്. ലോകോത്തര നിലവാരത്തിലുള്ള ചികിത്സാ സൗകര്യങ്ങൾ നാട്ടിലും ലഭ്യമാകുമ്പോൾ, ചികിത്സയ്ക്കായി വിദേശരാജ്യങ്ങളിൽ പോകേണ്ടതില്ലെന്ന് ഇവർ പറയുന്നു.

സ്തനാർബുദ ബോധവൽക്കരണ പദ്ധതിയായ 'പിങ്ക് പ്രോമിസ്', കേരള സർക്കാരുമായി സഹകരിച്ച് നടപ്പിലാക്കിയ "ആരോഗ്യം ആനന്ദം" പദ്ധതി എന്നിവയിലൂടെ നൂറുകണക്കിന് മെഡിക്കൽ ക്യാംപുകൾ സംഘടിപ്പിക്കാനും കൃത്യമായ ചികിത്സാ നിർദ്ദേശങ്ങൾ നൽകാനും സാധിച്ചതായി ആശുപത്രി മാനേജിങ് ഡയറക്ടർ റവ. ഫാ. ഡോ. അലക്സാണ്ടർ കൂടാരത്തിൽ പറഞ്ഞു.



ചെങ്ങന്നൂർ ഡോ. കെ. എം. ചെറിയാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലെ ഹെഡ് & നെക്ക് ഓങ്കോളജി വിഭാഗത്തിന്റെ ഉദ്ഘാടനം മാനേജിങ് ഡയറക്ടർ റവ. ഫാ. ഡോ. അലക്സാണ്ടർ കൂടാരത്തിൽ നിർവഹിക്കുന്നു. മെഡിക്കൽ സൂപ്രണ്ടും കൺസൽറ്റന്റ് കാർഡിയോ തൊറാസിക് & വാസ്ക്യൂലർ സർജനുമായ ഡോ. ഗീവർഗീസ് കെ. മാത്യു, ഓങ്കോളജി സെന്റർ മെഡിക്കൽ ഡയറക്ടറും കൺസൽറ്റന്റ് ഓങ്കോളജിസ്റ്റുമായ ഡോ. സാറ ഈശോ, ഗ്യാസ്ട്രോ സർജൻ ഡോ. മുരളി അപ്പുകുട്ടൻ, ഹെഡ് & നെക്ക് സർജൻ ഡോ. ഗുരുകീർത്തി. ബി, സർജിക്കൽ ഓങ്കോളജിസ്റ്റ് ഡോ. ജോൺ തോമസ്, റേഡിയേഷൻ ഓങ്കോളജിസ്റ്റ് ഡോ. ബോവസ് വിൻസെന്റ്, മെഡിക്കൽ ഓങ്കോളജിസ്റ്റ് ഡോ. നിഥുൻ വി. അശോക് എന്നിവർ സമീപം.

***എന്തുകൊണ്ട് ഹെഡ് & നെക്ക് കാൻസറിനു പ്രത്യേക വിഭാഗം?***

തലയിലെയും കഴുത്തിലെയും വിവിധ ഭാഗങ്ങളിൽ ഉണ്ടാവുന്ന ഒരു കൂട്ടം കാൻസറുകളാണ് ഹെഡ് & നെക്ക് കാൻസർ. ഇന്ത്യയിലെ കാൻസർ രോഗികളിൽ 30% ഹെഡ് ആൻഡ് നെക്ക് കാൻസർ വിഭാഗത്തിൽ ഉൾപ്പെടുന്നു. ജീവൻ ആപത്തിലാക്കുന്ന ഈ രോഗത്തിന് പ്രധാന വില്ലൻ ലഹരി വസ്തുക്കളാണ്. വായിലെ കാൻസർ, തൊണ്ട, സ്വനപേടകം, സൈനസ്, ഉമിനീർ ഗ്രന്ഥികൾ എന്നിവയാണ് ഈ വിഭാഗത്തിൽ പൊതുവായി ഉൾപ്പെടുത്തിയിരിക്കുന്നത്. തൊണ്ടവീക്കം, വിട്ടുമാറാത്ത തൊണ്ടവേദന എന്നിവയാണ് പ്രധാനലക്ഷണം. ശബ്ദത്തിലെ മാറ്റം, ആഹാരം ഇറക്കാനുള്ള ബുദ്ധിമുട്ട് എന്നിവയും ലക്ഷണങ്ങളാണ്. **"പ്രാരംഭഘട്ടത്തിൽ തന്നെയുള്ള രോഗനിർണയവും കൃത്യവും സമയബന്ധിതവുമായ ചികിത്സയും അത്യന്താപേക്ഷിതമാണ്"**. സങ്കീർണ്ണമായ അവസ്ഥയ്ക്ക് റേഡിയേഷൻ, കീമോതെറാപ്പി, ഇമ്മ്യൂണോതെറാപ്പി ഇവയ്ക്കൊപ്പം ശസ്ത്രക്രിയയും പ്രധാന പങ്കുവഹിക്കുന്നു. രൂപഭംഗിക്ക് കോട്ടം വരുത്താതെ സംസാരശേഷി വീണ്ടെടുക്കാനും ഭക്ഷണം ഇറക്കാനുമെല്ലാം ശസ്ത്രക്രിയയിലൂടെ സാധ്യമാകും. ഇതിൽ പ്രത്യേക വൈദഗ്ധ്യം നേടിയ ഡോക്ടറിന്റെ സേവനം ഡോ. കെ. എം. സി. ഹോസ്പിറ്റലിൽ ഉള്ളത് ഈ കാൻസർ സെന്ററിനെ വേറിട്ടതാക്കുന്നു.